പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 994 — 03.12.2014 ൽ മറുപടിയ്ക്ക്

## കേരളത്തിലെ പിന്നോക്ക സമുദായാംഗങ്ങളുടെ വികസനത്തിനുള്ള സേവനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ. എ.പി. അനിൽ കുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) | കേരളത്തിൽ പിന്നോക്ക സമുദായ വികസന വകുപ്പ് നിലവിൽ വന്നതു എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) 21/11/2011- ൽ പിന്നോക്ക സമുദായ വികസന ഡയറക്ടറേറ്റും 23.2.2012-ൽ സെക്രട്ടേറിയറ്റിൽ പിന്നോക്ക സമുദായ വികസന വകുപ്പും നിലവിൽ വന്നു. |
| (ബി) | പ്രസ്തുത വകുപ്പ് കേരളത്തിലെ പിന്നോക്ക സമുദായാംഗങ്ങളുടെ വികസനത്തിന് എന്തൊക്കെ സേവനമാണ് നടത്തുന്നതെന്ന് അറിയിക്കുമോ; | (ബി)<br>1) പ്രീമെട്രിക് വിദ്യാഭ്യാസ സഹായം<br>2) പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ സഹായം<br>3) ഓവർസീസ് സ്കോളർഷിപ്പ്<br>4)എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം<br>a) സിവിൽ സർവ്വീസ് പരിശീലനം<br>b) മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം<br>c) മറ്റ് മത്സര പരീക്ഷകൾക്കുള്ള പരിശീലനം<br>d) ബാങ്കിങ് സർവ്വീസ് പരിശീലനം<br>5) അഡ്വക്കേറ്റ് ഗ്രാന്റ്സ്<br>6) ജാതി, ക്രീമിലെയർ സംബന്ധിച്ച പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ<br>7)പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം തുടങ്ങിയവ |

| | | |
|---|---|---|
| (സി) | കേന്ദ്ര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് നോൺ ക്രിമിലെയർ മാനദണ്ഡം പ്രകാരം പിന്നോക്ക സമുദായ സംവരണം നടപ്പിലാക്കിയ ആനുകൂല്യം സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ലഭ്യമാവുന്നുണ്ടോ, ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് പരിശോധിക്കുമോ; | (സി) ഇല്ല. കേന്ദ്ര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്ക് പ്രവേശനത്തിനുള്ള സംവരണാനുകൂല്യം നോൺ ക്രീമിലെയർ മാനദണ്ഡ പ്രകാരമാണെങ്കിലും സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനുള്ള സംവരണാനുകൂല്യം നല്കുന്നത് എസ്.ഇ.ബി.സി.ലിസ്റ്റിന്റെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ്. ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ എസ്.ഇ.ബി.സി. സംവരണം സംബന്ധിച്ച ക്രീമിലെയർ വിഷയത്തിൽ പഠനം നടത്തിവരികയാണ്. കമ്മീഷന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | മേല്പറഞ്ഞ നോൺ ക്രീമിലെയർ പിന്നോക്ക സമുദായ സംവരണാനുകൂല്യം കേരളത്തിലെ പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് ബാധകമാക്കാത്തത് മൂലം പിന്നോക്ക സമുദായ സംവരണത്തിൽ വിദ്യാർത്ഥികൾക്ക് തുല്യ അവസരം എന്ന തത്വ ലംഘനം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | 2014-15 അക്കാദമിക് വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിന് നോൺ ക്രീമിലെയർ വ്യവസ്ഥ പ്രകാരം ലഭ്യമാവുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാന ത്തിൽ പിന്നോക്ക സമുദായ സംവരണം അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായം നടപ്പിലാക്കിയിട്ടുണ്ടോ, ഇല്ലെങ്കിൽ അതിന് അടിയന്തിര നിർദ്ദേശം നല്കുമോ; | (ഇ&എഫ്) ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ഈ വിഷയത്തിൽ പഠനം നടത്തിവരികയാണ്. കമ്മീഷന്റെ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | |
|---|---|---|
| (എഫ്) | ഇക്കാര്യത്തിൽ പിന്നോക്ക വിഭാഗക്കമ്മീഷൻ ശുപാർശ എന്തെങ്കിലും നല്കിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിലെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ